**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **29-01-2024 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ലോൺ ആപ്പുകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാധാരണക്കാരെ കടക്കെണിയിലാക്കി ആത്മഹത്യയിലേക്ക് തള്ളിവിടുന്ന തരത്തിലുള്ള ഓൺലൈൻ ലോൺ ആപ്പുകളുടെ പ്രവർത്തനം നിയന്ത്രിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ലോകത്താകെ വർദ്ധിച്ച് വരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതും ഇന്ന് ആധുനിക പോലീസ് സംവിധാനത്തിന്റെ ഭാരിച്ച ഉത്തരവാദിത്തമാണ്. സാമൂഹ്യ മാധ്യമങ്ങളുടെ ദുരുപയോഗം, ഓൺലൈൻ ഗെയിമുകൾ, സൈബർ തട്ടിപ്പുകൾ, വ്യാജ ലോൺ ആപ്പുകൾ എന്നിവ വഴിയുള്ള സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനാവുന്ന ആധുനിക സംവിധാനങ്ങൾ ഇന്ന് കേരള പോലീസിനുണ്ട്. സംസ്ഥാനത്ത് അനധികൃത നിക്ഷേപ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നവരെയും പ്രചരണം നടത്തുന്നവരെയും സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നതോടൊപ്പം മുൻ കരുതലുകൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തുവരുന്നു.<br><br>സൈബർ ഓപ്പറേഷൻസ് ഹെഡ് ക്വാർട്ടേഴ്സും, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോം യൂണിറ്റുകളും സൈബർ പട്രോളിംഗ് നടത്തി അനധികൃത ഓൺലൈൻ ലോൺ ആപ്പുകൾ കണ്ടെത്തി അവ സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ഓൺലൈൻ ലോൺ തട്ടിപ്പുകൾ നടത്തുന്നതായി സൈബർ പട്രോളിങ്ങിൽ കണ്ടെത്തിയ 330 അനധികൃത ഓൺലൈൻ ലോൺ ആപ്പുകളിൽ ഇതിനകം 158 എണ്ണം ഐടി ആക്ട് വകുപ്പ് 79(3) (b) പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത്തരം ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ മിക്കതും വിദേശനിർമ്മിതമാകയാൽ ദേശീയതലത്തിൽ തന്നെ അവയെ നിയന്ത്രിക്കുന്നത് കേന്ദ്രസർക്കാരിന്റെ അനുമതി തേടേണ്ടതുണ്ട്. ഇത്തരത്തിൽ 172 ഓൺലൈൻ ലോൺ ആപ്പുകളിലേക്കുള്ള ഇന്റർനെറ്റ് ലോൺ ആക്സസ്സ് തടയുന്നതിനായി ഐടി നിയമത്തിന്റെ U/s 69A വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സൈബർ ഓപ്പറേഷൻസ് വിഭാഗം സംസ്ഥാന നോഡൽ ഓഫീസർ മുഖേന ഇന്ത്യാ ഗവൺമെന്റിന്റെ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.<br><br>ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളും വിവിധ ഏജൻസികളുടെ സേവനങ്ങളും സംയോജിപ്പിച്ചു കൊണ്ട് മാത്രമേ രാജ്യത്തിന് അകത്തും പുറത്തും ബന്ധമുള്ള ഇത്തരം കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനാകൂ. അത്തരത്തിൽ ശക്തവും കാര്യക്ഷമവുമായ സൈബർ ക്രൈമുകളുടെ അന്വേഷണം സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിന് 05.01.2024 ലെ സ.ഉ.(കൈ) നമ്പർ 04/2024/ ആഭ്യന്തരം പ്രകാരം പ്രത്യേക സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>ഇത്തരം കുറ്റകൃത്യങ്ങളിൽപ്പെട്ട വസ്തുക്കളുടെ പരിശോധനയ്ക്കുതകുന്ന നൂതന സാങ്കേതികവിദ്യയില ധിഷ്ഠിതമായ സംവിധാനങ്ങൾ സംസ്ഥാനത്തെ എല്ലാ സൈബർ ഡിവിഷനുകളിലും സജ്ജമാക്കിയിട്ടുണ്ട്.<br><br>സൈബറിടങ്ങൾ ഉപയോഗപ്പെടുത്തിയുള്ള സാമ്പത്തിക തട്ടിപ്പുകൾ, മയക്കുമരുന്ന്, ആയുധവ്യാപാരം, ലൈംഗിക വ്യാപാരം, ഡാറ്റ മോഷണം, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമ വിരുദ്ധമായ ക്രയവിക്രയങ്ങൾ നടത്തുന്ന കുറ്റകൃത്യങ്ങൾ സംസ്ഥാന പോലീസ് സൈബർഡോം വികസിപ്പിച്ച Grapnel സോഫ്റ്റ് വെയർ ഉപയോഗിച്ച് കണ്ടെത്തുന്നതിന് സാധിക്കും. |
| (ബി) | അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം ഓൺലൈൻ ലോൺ ആപ്പുകളെ നിയന്ത്രിക്കുന്നതിന് പര്യാപ്തമായ കേന്ദ്രനിയമം നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഓൺലൈൻ ലോൺ ആപ്പ് തട്ടിപ്പ് കേസുകളിൽ ഇന്ത്യൻ പീനൽ കോഡിലേയും ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെയും വകുപ്പുകൾ പ്രകാരമാണ് നിയമ നടപടികൾ സ്വീകരിച്ചു വരുന്നത്. ഇൻഫർമേഷൻ ടെക്നോളജി ആക്ട് 79(3)(b) വകുപ്പ് പ്രകാരം അനധികൃത ഓൺലൈൻ ലോൺ ആപ്പുകൾ സാമൂഹ്യമാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്തു വരുന്നു. അപ്രകാരം നീക്കം ചെയ്യാത്ത ലോൺ ആപ്പുകളിലേക്കും മറ്റുമുള്ള ഇന്റർനെറ്റ് ആക്സസ്സ് |

| | | | |
|---|---|---|---|
| | | | തടയുന്നതിനും അതുവഴി പൊതുജനങ്ങളെ ഇത്തരം തട്ടിപ്പുകളിൽ നിന്നും സംരക്ഷിക്കുന്നതിനുമായി പോലീസിലെ സൈബർ ഓപ്പറേഷൻ വിഭാഗം സംസ്ഥാന നോഡൽ ഓഫീസർ മുഖേന ഇൻഫർമേഷൻ ടെക്നോളജി ആക്ട് 69A വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ഇന്ത്യാ ഗവണ്മെന്റിന്റെ ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | അംഗീകാരമില്ലാത്ത ലോൺ ആപ്പുകൾ ഉപയോഗിച്ച് വായ്പ എടുത്തതിലൂടെ തട്ടിപ്പിന് ഇരയായവർക്ക് പൊലീസിൽ പരാതി നൽകാൻ പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ച് വിവരം നൽകുന്നതിനായി കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പർ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.<br><br>പരാതിക്കാരന് നഷ്ടപ്പെട്ട പണം പ്രതികളുടെ അക്കൗണ്ടിൽ നിന്നും കൈമാറ്റം ചെയ്യപ്പെടാതെ ബ്ലോക്ക് ചെയ്യുന്നതിന് കഴിയും. ഇതിനായി 1930 എന്ന ടോൾ ഫ്രീ നമ്പറിലെ സേവനം 24 മണിക്കൂറും ലഭ്യമാണ്. അക്കൗണ്ടുകളിൽ തടഞ്ഞുവച്ചിരിക്കുന്ന കബളിപ്പിക്കപ്പെട്ട തുക പരാതിക്കാർക്ക് തിരിച്ച് നൽകുന്നതു സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിമാർക്ക് സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ നൽകിയിട്ടുമുണ്ട്.<br><br>ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനിരയായി സാമ്പത്തിക നഷ്ടം സംഭവിക്കുന്നവർക്ക് മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിന്റെ നാഷണൽ സൈബർ ക്രൈം പോർട്ടലിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിനും പ്രത്യേക സംവിധാനം നിലവിലുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഇപ്രകാരമുള്ള സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരം നൽകുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പറിലും 1930 എന്ന ടോൾ ഫ്രീ നമ്പറിലും സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br><br>ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് കണ്ണൂർ റൂറൽ ഒഴികെ എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>ഇന്ന് ലോകത്തെ ഏറ്റവും ശ്രദ്ധേയമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമാണ് കേരള പോലീസിന്റേത്. ഏകദേശം അഞ്ച് ലക്ഷത്തിലധികം പേർ ഇതിന്റെ ഉള്ളടക്കങ്ങൾ പങ്കുവെയ്ക്കുകയോ ഇഷ്ടപ്പെടുന്നതായോ കണ്ടിട്ടുണ്ട്. അതുകൊണ്ടു തന്നെ കൂട്ടായ പ്രവർത്തനത്തിലൂടെ എല്ലാ |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങളുമുപയോഗിച്ച് ഇതിന്റെ അപകടങ്ങളെക്കുറിച്ചുള്ള പ്രചരണങ്ങളും അതിനാവശ്യമായ മുൻകരുതലുകളും ഇന്റർനെറ്റ് ഉപയോഗിക്കുന്നഎല്ലാവരിലുമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സോഷ്യൽമീഡിയ സംവിധാനം പ്രവർത്തിക്കുന്നത്. അതോടൊപ്പം സുരക്ഷിത പണമിടപാടുകളെ സംബന്ധിച്ച അവബോധം വിവിധ പ്രചരണ മാർഗ്ഗങ്ങളിലൂടെ നൽകിവരുന്നു.<br><br>സൈബർ സുരക്ഷ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, ഓൺലൈൻ ആപ്പുകൾ സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള മുൻകരുതലുകൾ തുടങ്ങിയവ സംബന്ധിച്ച്, സൈബർ പോലീസ് സ്റ്റേഷനുകൾ, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം എന്നിവ മുഖേനയും കേരളാ പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും ആവശ്യമായ ബോധവത്കരണം തുടർച്ചയായി നടത്തി വരുന്നുണ്ട്. അതോടൊപ്പം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകരിച്ച നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കോർപ്പറേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ലോൺ ആപ്പുകളെക്കുറിച്ചും ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ചും ബോധവൽക്കരണം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ